# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
# ജില്ലാ ഓഡിറ്റ് കാര്യാലയം
# തൃശ്ശൂർ – 680020


**ഇ-മെയിൽ: dotsr.ksad@kerala.gov.in**

**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി 3)944/2024.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയതി: 23/07/2024
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ

പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശൂർ
കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി 3)944/2024. തീയ്യതി: 23/07/2024

# തൃശൂർ ജില്ലയിലെ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-07-2023 മുതൽ 20-06-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ

ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-06-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.റഫി ജോൺ | ഡെപ്യൂട്ടി ഡയറക്ടർ (ജോയിന്റ് ഡയറക്ടർ ഇൻ ചാർജ്ജ്) | 21-06-2024 | 25-06-2024 |
| ശ്രീ. വിനോദ് ശ്രീധർ | ജോയിന്റ് ഡയറക്ടർ | 26-06-2024 | 28-06-2024 |

## ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-06-2024 | 28-06-2024 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ജയകൃഷ്ണൻ എസ്., ഓഡിറ്റ് ഓഫീസർ

ശ്രീമതി ഹണി കെ.എസ്., ഓഡിറ്റ് ഓഫീസർ

ശ്രീ. സുനിൽകുമാർ കെ. സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി അനീറ്റ ഡൊമിനിക്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| **പേര്** | **ഔദ്യോഗിക പദവി** | **തീയതി (മുതൽ)** | **തീയതി (വരെ)** |
|---|---|---|---|
| ആൻസി വില്ല്യംസ് | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| വിനീത് കെ. എം | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| **പേര്** | **ഉദ്യോഗപ്പേര്** | **തീയതി (മുതൽ)** | **തീയതി (വരെ)** |
|---|---|---|---|
| മിനി മേനോൻ | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| വിനോദ് ഇ. കെ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| അശ്വിൻ പി. വിജയൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ഡോ. ബാബു വി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2023 | 18-07-2023 |
| ഡോ. ശ്രീകാന്ത് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 19-07-2023 | 31-03-2024 |
| ടി. കെ അനിത കുമാരി | പട്ടികജാതി വികസന ഓഫീസർ | 01-04-2023 | 18-07-2023 |
| ബിന്ദു എം. എം | പട്ടികജാതി വികസന ഓഫീസർ | 19-07-2023 | 04-08-2023 |
| എൻ. എം പ്രേംകുമാർ | പട്ടികജാതി വികസന ഓഫീസർ | 05-08-2023 | 03-11-2023 |
| ബിന്ദു എം. എം | പട്ടികജാതി വികസന ഓഫീസർ | 04-11-2023 | 05-02-2024 |
| ഷാബു ടി. ആർ | പട്ടികജാതി വികസന ഓഫീസർ | 06-02-2024 | 31-03-2024 |
| അർച്ചന എ. ആർ | സി.ഡി.പി.ഒ | 01-04-2023 | 23-07-2023 |

| | | | |
|---|---|---|---|
| സ്റ്റെല്ല വി. ഡി (ഇൻ ചാർജ്ജ്) | സി.ഡി.പി.ഒ | 24-07-2023 | 31-12-2023 |
| അർച്ചന എ. ആർ | സി.ഡി.പി.ഒ | 01-01-2024 | 31-03-2024 |
| സ്റ്റെല്ല വി. ഡി | സി.ഡി.പി.ഒ (അഡീഷണൽ) | 01-04-2023 | 31-01-2024 |
| അർച്ചന എ. ആർ (ഇൻ ചാർജ്) | സി.ഡി.പി.ഒ (അഡീഷണൽ) | 01-02-2024 | 17-03-2024 |
| സിഞ്ചു എൻ. സി | സി.ഡി.പി.ഒ (അഡീഷണൽ) | 18-03-2024 | 31-03-2024 |
| ജാസ്മിൻ സി. ജെ | ഡി.ഇ.ഒ | 01-04-2023 | 31-03-2024 |
| രജിത് കുമാർ | വ്യവസായ വികസന ഓഫീസർ | 01-04-2023 | 20-05-2023 |
| ശ്രീജിത്ത് പി. ആർ | വ്യവസായ വികസന ഓഫീസർ | 21-05-2023 | 28-05-2023 |
| സതീശൻ കോടഞ്ചേരി | വ്യവസായ വികസന ഓഫീസർ | 29-05-2023 | 26-10-2023 |
| ശ്രീജിത്ത് പി. ആർ | വ്യവസായ വികസന ഓഫീസർ | 27-10-2023 | 08-11-2023 |

| | | | |
|---|---|---|---|
| ദീപു ജെ | വ്യവസായ വികസന ഓഫീസർ | 09-11-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബ്ലോക്കിലെ എല്ലാ ബാങ്ക് അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | വാർഷിക കണക്കിലെ RP-40(B), B-17 യഥാർത്ഥ ബാങ്ക് ബുക്കുമായി വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-2 |
| 4 | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ഷെഡ്യൂൾ ബി-17 പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട് | 1-1-5 |
| 7 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-6 |
| 8 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-7 |

| | | |
|---|---|---|
| 9 | ജേണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-8 |
| 10 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-9 |
| 11 | തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല | 1-1-10 |
| 12 | അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു | 1-1-11 |
| 13 | ഗ്രാന്റ് തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക " Capital Contribution” എന്ന ശീർഷകത്തിലേക്ക് മാറ്റിയില്ല | 1-1-12 |
| 14 | വരവ് തുക ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | ഫണ്ട് വിനിയോഗം | 1-3 |
| 17 | പദ്ധതി അവലോകനം | 1-4 |
| 18 | കാഷ് ബാലൻസ് പരിശോധന | 1-5 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-6 |

| | | |
|---|---|---|
| 20 | രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല | 1-7 |
| 21 | സർക്കാരിന്റെ സ്ക്രാപ്പ് നയത്തിന്റെ ആനുകൂല്യം ലഭ്യമാക്കിയിട്ടില്ല. | 1-8 |
| 22 | പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-9 |
| 23 | ഭിന്നശേഷി കലാകായികമേള – നടപ്പാക്കിയതിലെ അപാകങ്ങൾ | 1-10 |
| 24 | ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-11 |
| 25 | സുലേഖയിൽ ചെലവ് പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടില്ല | 1-12 |
| 26 | കംപ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-13 |
| 27 | S138/24 – വനിതാ ഹെൽത്ത് ക്ലബ് നിർമ്മാണം - നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. | 1-14 |
| 28 | സോളാർ പാനൽ സ്ഥാപിക്കൽ - നടത്തിപ്പിലെ അപാകങ്ങൾ | 1-15 |
| 29 | നൈപുണ്യ വികസന പരിശീലനം - പ്രൊജക്റ്റ് പൂർത്തീകരിച്ചിട്ടില്ല | 1-16 |
| 30 | മാലിന്യ സംസ്കരണ സംവിധാനം - ബെയ്‌ലിംഗ് മെഷീൻ കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-17 |

| | | |
|---|---|---|
| 31 | എച്ച് എം സി വാർഷികകണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് | 1-18 |
| 32 | മരുന്നുകൾ ലഭ്യമാക്കേണ്ടതാണ് | 1-19 |
| 33 | ആദൂർ അമ്പലം കോളനി കുടിവെള്ള പദ്ധതി-ജലത്തിന്റെ ഗുണനിലവാര പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല | 1-20 |
| 34 | കോമൺ ഫെസിലിറ്റി സെന്റർ പൂർത്തീകരിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതാണ് | 1-21 |
| 35 | മാർഗ്ഗരേഖ നിബന്ധനകൾ പാലിക്കേണ്ടതാണ്. | 1-22 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികളുടെ വിശദാംശങ്ങൾ | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ വിശേഷണം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 ബ്ലോക്കിലെ എല്ലാ ബാങ്ക് അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

(A) MGNREGS ന്റെ കാനറാ ബാങ്ക് അക്കൗണ്ട് പ്രകാരം (A/C No.0854101043896) 1032 രൂപയുടെ മുന്നിരിപ്പും 3414 രൂപയുടെ നീക്കിയിരിപ്പുമുണ്ട്. (B) MPLADS ന്റെ SBI ബാങ്ക് അക്കൗണ്ട് പ്രകാരം (A/C No.67049625555) 60741.75 രൂപയുടെ മുന്നിരിപ്പും 0 നീക്കിയിരിപ്പുമാണുള്ളത്. എന്നാൽ ഈ അക്കൗണ്ടുകളുടെ വിവരങ്ങൾ വാർഷിക കണക്ക് RP-40(A), RP-40(B), B-17 എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.
(ഓഡിറ്റ് എൻകചയറി നം. 16/27.06.2024)

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 14-05-2024 ലെ 3/1-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 11-06-2024 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചൊവ്വന്നൂർ ബ്ലോക്ക്

പഞ്ചായത്തിന്റെ മാർച്ച്, 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു.

എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി : 23.07.2024**

**ജോയിന്റ് ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## 1-1-2 വാർഷിക കണക്കിലെ RP-40(B), B-17 യഥാർത്ഥ ബാങ്ക് ബുക്കുമായി വ്യത്യാസപ്പെട്ടിരിക്കുന്നു

വാർഷിക കണക്കിലെ R&P ഷെഡ്യൂൾ RP-40(A) യും RP-40(B)യും പ്രകാരം 450450101-Spark Treasury Account ൽ ഉള്ള തുക 7500/- രൂപയാണ്. എന്നാൽ ചെക്ക് ഇഷ്യു രജിസ്റ്റർ പ്രകാരം 2023-24 വർഷാവസാനം ഈ അക്കൗണ്ടിൽ ബാലൻസ് ഉള്ള തുക 3750/- രൂപയാണ്. RP – 40(B) ൽ തുക വ്യത്യാസം വന്നതിന്റെ കാരണം അറിയിക്കേണ്ടതാണ്.

450450101-Spark Treasury Account ന്റെ Bank Statement, Reconciliation Statement എന്നിവ ലഭ്യമായിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 16/27.06.2024)

## 1-1-3 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ഷെഡ്യൂൾ ബി-17 പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31.3.2024 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31.3.2024 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320100110 | Centrally Sponsored Scheme-Indira Awas Yojana (IAY)-General | 81386 | 450610109 | Union Bank(Plan Fund-IAY) | 3580076 |

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം ചെലവഴിക്കാൻ ബാക്കിയുള്ള 320800101 – Beneficiary Contributions എന്ന ശീർഷകത്തിലെ ഗുണഭോക്തൃവിഹിതം തനതു ഫണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്.

ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 16/27.06.2024)

## 1-1-4 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഓഫീസ് ജീവനക്കാർക്ക് ശമ്പളം നല്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക മുൻകൂർ അനുവദിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയും ജീവനക്കാരും ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്നതിനാലാണ് സർക്കാർ ഉത്തരവ് പ്രകാരം തനത് ഫണ്ടിൽ നിന്നും മുൻകൂർ നല്കുന്നത്. എന്നാൽ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല (മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ റസീറ്റ് & പേയ്മെന്റ് പത്രികയിലും, റവന്യൂ വരുമാനം, ചെലവ് വിവരങ്ങൾ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിലും, നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റിലും).
(ഓഡിറ്റ് എൻക്വയറി നം. 16/27.06.2024)

## 1-1-5 ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

2023-24 വാർഷിക കണക്ക് ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂൾ പ്രകാരം താഴെ ചേർത്തിരിക്കുന്ന പ്രകാരം ആസ്തികൾ രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ശീർഷകം | തുക |
|---|---|---|

| | | |
|---|---|---|
| 1 | 410300101 – Roads-Cement Concrete | 1500000 |
| 2 | 410300102 – Roads-Tarred | 6464715 |
| 3 | 410300103 – Roads-Metal | 665812 |
| 4 | 410300105 – Roads-Earthern | 436648 |
| 5 | 410300301 – Culverts | 953715 |
| 6 | 410300302 – Bridges | 348431 |
| 7 | 410300399 – Other Constructions | 13426833 |
| 8 | 410400101 – Drinking Water - Sources(Open Wells, Bore Wells, Tube Wells, Tanks Etc) | 29323021 |
| 9 | 410400102 – Drinking Water - Reservoirs | 113029 |
| 10 | 410400103 – Drinking Water - Pipe Lines | 6857351 |
| 11 | 410500101 – Irrigation - Sources (Wells, Check Dams, Lift Irrigation Etc) | 5962512 |

ഈ ആസ്തികളിന്മേൽ ഡിപ്രിസിയേഷൻ കണക്കാക്കി വരുന്നുണ്ട്. മേൽ ആസ്തികൾ ഗ്രാമപഞ്ചായത്തു് സ്ഥലം വിട്ട് നല്കിയതിന്റെ അടിസ്ഥാനത്തിൽ അതത് ഗ്രാമപഞ്ചായത്തുകൾക്ക് നിർമ്മിച്ച് നല്കിയവയോ

ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിൽപ്പെട്ട വിഷയങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് നിർമാണം നടത്തി അതത് സ്ഥാപനങ്ങൾക്ക് കൈമാറിയവയാണെന്നും കാണുന്നു. ആയതിനാൽ ഈ ആസ്തികൾ പണി പൂർത്തിയാകുന്ന മുറയ്ക്ക് അതത് ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടിയിരുന്നതും അതത് സ്ഥാപനങ്ങൾ ബാലൻസ്ഷീറ്റിൽ ആസ്തിയായി ഉൾപ്പെടുത്തേണ്ടിയിരുന്നതുമാണ്. ബ്ലോക്ക് പഞ്ചായത്ത് ഇവ റവന്യൂ ചെലവ് ആയി രേഖപ്പെടുത്തേണ്ടിയിരുന്നതാണ്.

മേൽ സൂചിപ്പിച്ചവ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികൾ അല്ലാത്തതിനാൽ വാർഷിക കണക്കിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈയിനങ്ങളിൽ ഡിപ്രിസിയേഷനായി കണക്കാക്കിയ തുക "Accumalated Depreciation" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്നതുമായ തുക അടുത്ത സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ Debit ഉം "Prior Period Items.." എന്ന ശീർഷകത്തിൽ Credit ഉം നൽകി ഒഴിവാക്കി വാർഷികകണക്ക് കൃത്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 16/27.06.2024)

## 1-1-6 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത

ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 850801 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2907882 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.
(ഓഡിറ്റ് എൻക്വയറി നം. 16/27.06.2024)

## 1-1-7 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)
(ഓഡിറ്റ് എൻക്വയറി നം. 16/27.06.2024)

## 1-1-8 ജേണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ്

അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നതു്. എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 16/27.06.2024)

## 1-1-9 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.
2023-24 വർഷത്തെ പ്രോജക്റ്റ് നം. 141/24 പ്രകാരമുള്ള വാഹനം വാങ്ങൽ (അടങ്കൽ-1300000/-, ചെലവ്-1103285/- വൗച്ചർ നം.22300461/4.10.2023) പ്രകാരം വാങ്ങിയ Kia Carens കാർ വാർഷികകണക്കിൽ ആസ്തിയാക്കി മാറ്റിയിട്ടില്ല. റവന്യൂ ചെലവ് ശീർഷകത്തിലാണ് കാർ വാങ്ങലിന്റെ തുക ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനത്തിന്റെ ആസ്തിയായതിനാൽ ആയത് റവന്യൂ ചെലവായി ഉൾപ്പെടുത്തിയത് തെറ്റായ നടപടിയാണ്.
(ഓഡിറ്റ് എൻക്വയറി നം. 16/27.06.2024)

## 1-1-10 തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റിൽ ഉൾപ്പെടുന്ന താഴെ ചേർത്തിരിക്കുന്ന ആസ്തികൾക്ക് (Land ഒഴികെ) ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല.

| ക്രമ നം. | ആസ്തി – ശീർഷകം | 31/3/2024 ലെ മൂല്യം |
|---|---|---|
| 1 | 410710199 – Movable Asset - Others | 769,594 |
| 2 | 410600102 – Electricity - Line Extension | 512,496 |

2024-25 ലെ വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ട എല്ലാ ആസ്തികൾക്കും ഡിപ്രിസിയേഷൻ കണക്കാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 16/27.06.2024)

## 1-1-11 അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു

31/3/2024 ലെ ബാലൻസ്ഷീറ്റ് പ്രകാരം 410800101 – Other Fixed Assets എന്ന ആസ്തികൾക്ക് 797609 രൂപ വില കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ്

പ്രകാരം ഈ ആസ്തികളുടെ 31/3/2024 ലെ Accumalated Depreciation 1239788 രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2024-25 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻകചയറി നം. 16/27.06.2024)

## 1-1-12 ഗ്രാന്റ് തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക " Capital Contribution” എന്ന ശീർഷകത്തിലേക്ക് മാറ്റിയില്ല.

31/3/2023 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution” എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2024 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution” എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.
(ഓഡിറ്റ് എൻകചയറി നം. 16/27.06.2024)

## 1-1-13 വരവ് തുക ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു

2023-24 വർഷം ലേലം നടന്നിട്ടുള്ള മഹീന്ദ്ര ജീപ്പിന്റെ KL08Z 8943) ലഭ്യമായ വരവ് 103000/- [68000+35000(2022-23 ലഭിച്ചത്)] രൂപ 340200102-Auction Deposit എന്ന ബാധ്യത ശീർഷകത്തിലാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് ബ്ലോക്ക് പഞ്ചായത്തിന്റെ വരവായി ഉൾപ്പെടുത്തേണ്ടതായിരുന്നു. (ഓഡിറ്റ് എൻക്വയറി നം. 16/27.06.2024)

## 1-2 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 23.03.2023 തീരുമാനം 1(2) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 288590000 | 322321041 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 09.02.2024 തീരുമാനം 1/1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 314941200 | 315627095 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 27259000 | 27259000 | 24049044 | 3209956 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 20934000 | 20934000 | 11637254 | 9296746 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3582000 | 3582000 | 2497949 | 1084051 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് | 4423825 | 4805180 | 9229005 | 5271485 | 3957520 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് ഗ്രാന്റ് | 6445373 | 3385500 | 9830873 | 4753629 | 5077244 |

| | | | | | |
|---|---|---|---|---|---|
| Centrally Sponsored Scheme- Indira Awas Yojana | 9071 | 72315 | 81386 | 0 | 81386 |
| Total Sanitation Campaign | 930378 | 1649906 | 2580284 | 430456 | 2149828 |
| ICDS | 55529 | 0 | 55529 | 0 | 55529 |
| Health Grant | 0 | 2817191 | 2817191 | 0 | 2817191 |
| Grants, Funds & Contributions-Other Than Development Fund | 403584 | 11213 | 414797 | 0 | 414797 |
| Contribution For Joint Venture Projects-Revenue Expenditure-From District Panchayaths | 3073330 | 0 | 3073330 | 0 | 3073330 |
| Contribution For Joint Venture Projects-Centrally Sponsored Scheme-From Village Panchayaths | 68326 | 0 | 68326 | 68326 | 0 |
| Contribution For Joint Venture | 3405891 | 0 | 3405891 | 1852919 | 1552972 |

| | | | | | |
|---|---|---|---|---|---|
| Projects-Centrally Sponsored Scheme-From District Panchayaths | | | | | |
| Contribution For Other Specific Purposes-For Capital Expenditure-From Village Panchayaths | 818907 | 0 | 818907 | 818907 | 0 |
| Contribution For Other Specific Purposes-For Revenue Expenditure-From Village Panchayaths | 2202001 | 0 | 2202001 | 761847 | 1440154 |
| Nirmal Puraskar | 594708 | 16522 | 611230 | 0 | 611230 |
| Beneficiary Contribution | 116423 | 4900 | 121323 | 0 | 121323 |

1) കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് 2023-24 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ വിവിധ പ്രൊജക്ടുകളുടെ ചെലവുകൾ സുലേഖ ചെലവ് പത്രിക പ്രകാരവും വാർഷിക ധനകാര്യപത്രികയിലെ പത്രികകൾ പ്രകാരവും 28012 രൂപ (1,00,25,114 (വാർഷിക കണക്ക് പ്രകാരം)-99,97,102 (സുലേഖ ചെലവ് പത്രിക പ്രകാരം))

വ്യത്യാസപ്പെട്ടിരിക്കുന്നു. ഈ തുക ക്യൂ ബിൽ ആയി 31.3.2024 ന് ശേഷം ചെലവായിട്ടുള്ളതാണ്.

2) പ്രത്യേകോദ്ദേശ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. അതിനാൽ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) ചെലവഴിക്കാതെ കിടക്കുന്ന, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ഫണ്ടുകൾ, ആവശ്യമില്ലാത്തപക്ഷം ലഭ്യമാക്കിയ സ്രോതസ്സിലേയ്ക്ക് തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്കുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 153 | 121794947 | 85 | 50318837 | 41.31 | 55.51 |

## 1-5 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 25.06.2024ന് സ്ഥാപന തലവന്റെ/ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ കാഷ് ബാലൻസ് ഇല്ല എന്നുള്ളത് ബോധ്യപ്പെട്ടു.

## 1-6 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഓഡിറ്റ് നിരീക്ഷണങ്ങൾ ആയി ഭാഗം 1 ൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-7 രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

രസീതു ബുക്ക് നം. 748, 750 എന്നിവയാണ് ഓഡിറ്റ് കാലയളവിൽ പരിശോധിച്ചത്. രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. അതുമൂലം മാനപൽ രസീതുബുക്കുകൾ ശരിയായി ഉപയോഗപ്പെടുത്തിയിട്ടുണ്ടോയെന്നും രസീതുബുക്കുകൾ ദുർവിനിയോഗം ചെയ്യപ്പെട്ടിട്ടുണ്ടോയെന്നും പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.
(ഓഡിറ്റ് എൻകയറി നം. 16/27.06.2024)

## 1-8 സർക്കാരിന്റെ സ്ക്രാപ്പ് നയത്തിന്റെ ആനുകൂല്യം ലഭ്യമാക്കിയിട്ടില്ല.

കെ.എൽ.08.Z.8943 മഹീന്ദ്ര ജീപ്പ് ലേലം നടത്തിയത് – സർക്കാർ സ്ക്രാപ്പിംഗ് നയവുമായി ബന്ധപ്പെട്ട ഉത്തരവിലെ നിബന്ധനകൾ പാലിച്ചിട്ടില്ല.

ഭരണസമിതി തീരുമാനം - 1/8 23.08.22

വരവ് തുക - 2656/-(E.M.D-2250 + Gst-406)

രസീത് നം - 3/29.03.23

വരവ് തുക - 32750/-

രസീത് നം - 4/29.03.23

വരവ് തുക - 86540/-(Auction Deposit-68000 + Gst-18540)

രസീത് നം - 6/03.04.23(450100101/01.04.23)

മേൽപ്പറഞ്ഞതു പ്രകാരം 2003 മോഡൽ മഹീന്ദ്ര ജീപ്പ് ലേലം ചെയ്തതിൽ നിന്ന് വരവുണ്ട്. ശ്രീ.സി.എം.ജോർജ്ജ് എന്നയാൾക്ക് ആകെ 1,03000 രൂപയ്ക്കാണ് വാഹനം ലേലം പോയിട്ടുള്ളത്. ജി.ഒ(പി) നം.11/2023/ഫിൻ. തീയ്യതി 31.01.23 സർക്കാർ ഉത്തരവു പ്രകാരം സർക്കാരിന്റെ 15 വർഷം തികഞ്ഞ വാഹനങ്ങൾക്ക് പ്രഖ്യാപിച്ചിരുന്ന ആനുകൂല്യങ്ങൾ, ഇളവുകൾ എന്നിവ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായില്ല. ആയതു പ്രകാരം നടപടിക്രമങ്ങൾ സ്വീകരിച്ചിരുന്നെങ്കിൽ പഴയ വാഹനങ്ങളിൻ മേൽ ബാക്കി നിൽക്കുന്ന ബാധ്യതകൾക്ക് ഒരു തവണ ഇളവും ബ്ലോക്കിൽ വാങ്ങിയ പുതിയ വാഹനത്തിൻ മേൽ മോട്ടോർ വെഹിക്കിൾ ടാക്സ് കൺസെഷനും ലഭിക്കുമായിരുന്നു. ഇപ്രകാരം വലിയ ഒരു തുകയുടെ ആനുകൂല്യം ബ്ളോക്ക് പഞ്ചായത്തിനു ലഭ്യമാകുമായിരുന്നു. മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ, ഇളവുകൾ ഉണ്ടെങ്കിൽ ആയതു ലഭ്യമാക്കി വാങ്ങൽ

നടത്തേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.4/24.06.24)

## 1-9 പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്

എ)

| | | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ | |
| പ്രൊജക്ട് നമ്പർ/പേര് | S0085/24 – പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | |
| അടങ്കൽ | 16,00,000/- (വികസന ഫണ്ട് എസ്.സി.പി) | |
| ചെലവ് | 2,70,000/- | |
| വൗ.നം/ തിയതി, തുക | 22300992/12.01.2024 | 30000/- |
| | 22301046/23.02.2024 | 60000/- |
| | 22301055/06.02.2024 | 60000/- |
| | 22301058/13.03.2024 | 60000/- |
| | 22301066/19.03.2024 | 60000/- |
| ആകെ | | 270000/- |

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പട്ടികജാതി വികസന ഓഫീസറുടെ S00 85/24 നമ്പർ പ്രൊജക്ട് പ്രകാരം 2023-24 വർഷത്തിൽ 7 വിദ്യാർത്ഥികൾക്ക് മേൽപട്ടികയിൽ കൊടുത്തിരിക്കുന്ന വൗച്ചറുകൾ മുഖേന പഠനമുറി പണിയുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. നൽകിയ ധനസഹായത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | നൽകിയ തുക |
|---|---|---|
| 1 | സൂര്യ.പി.എസ്. | 90,000/- |
| 2 | കിഷോർ.കെ.എസ് | 30,000/- |
| 3 | കൃഷ്ണാഞ്ജലി.എം.ജെ. | 30,000/- |
| 4 | ദേവിക.വി.വി. | 30,000/- |
| 5 | ആർദ്ര കൃഷ്ണ | 30,000/- |
| 6 | നവനീത്.എം.പി. | 30,000/- |
| 7 | നിത്യ.കെ.എം. | 30,000/- |
| ആകെ | | 270,000/- |

എന്നാൽ ഫയൽ പരിശോധിച്ചതിൽ ആരും തന്നെ പഠനമുറിയുടെ പണി പൂർത്തീകരിച്ചിട്ടില്ല. മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകചയറി (നം. 7/25.6.2024) യ്ക്ക് താഴെ പറയുന്ന പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (S0085/24) പദ്ധതി പ്രകാരം 8 ഗുണഭോക്താക്കൾക്കായി 16 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇവരിൽ 6 ഗുണഭോക്താക്കൾക്ക് ഒന്നാം ഗഡു തുകയും ഒരു ഗുണഭോക്താവിന് രണ്ടാം ഗഡു ഉൾപ്പെടെ 270000/- രൂപ അനുവദിച്ചിട്ടുണ്ട്. വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഗ്രാമസഭാലിസ്റ്റുകൾ ലഭ്യമാകുന്നതിൽ കാലതാമസം വന്നതും, മുതിർന്ന ക്ലാസ്സുകളിൽ പഠിക്കുന്നവരെ ആദ്യം പരിഗണിക്കണമെന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമസഭാ ലിസ്റ്റുകൾ പുനക്രമീകരിച്ച് നല്കാൻ വൈകിയതു മൂലവും ഗുണഭോക്താക്കൾക്ക് 2024 ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ് ഒന്നാം ഗഡു നല്കാൻ സാധിച്ചത്. വാങ്ങിയ ഗഡു ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചാൽ മാത്രമെ തുടർ ഗഡുക്കൾ അനുവദിക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടാണ് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്.

പണി പൂർത്തീകരിക്കാത്ത പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനു വേണ്ട തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി)

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രൊജക്ട് നമ്പർ/പേര് | S0151/24 – പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |

| | | |
|---|---|---|
| | (2022-23 ലെ സ്പിൽഓവർ പ്രോജക്ട്) | |
| അടങ്കൽ | 3,75,000/- (വികസന ഫണ്ട് എസ്.സി.പി) | |
| ചെലവ് | 150000/- | |
| | 22300939/21.11.2023 | 150000/- |

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പട്ടികജാതി വികസന ഓഫീസറുടെ 2023-24 സാമ്പത്തിക വർഷത്തെ S00151/24 നമ്പർ (സ്പിൽഓവർ പ്രൊജക്ട്) പ്രോജക്ടിൽ 2023-24 വർഷത്തിൽ 2 വിദ്യാർത്ഥികൾക്ക് മേൽപട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം പഠനമുറി പണിയുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ 9 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. 4 ഗുണഭോക്താക്കളുടെ പഠനമുറികളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ പഠനമുറിയുടെ പണി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | പേര് | 2022-23 ൽ നൽകിയ തുക | 2023-24 ൽ നൽകിയ തുക |
|---|---|---|---|
| 1 | ദേവികൃഷ്ണ | 1,25,000/- | |
| 2 | അതുൽ.പി.എം. | 1,25,000/- | |
| 3 | ശ്രേയ പ്രകാശ് | 5,0000/- | 75,000/- |

| | | | |
|---|---|---|---|
| 4 | ആർഷ.എം.യു | 1,25,000/- | 75,000/- |
| 5 | അർച്ചന റോഷൻ | 5,0000 | |
| ആകെ | | | 150000/- |

ഇതിൽ അർച്ചന റോഷൻ എന്ന കുട്ടിയ്ക്ക് 31.8.2022 ൽ 50000 രൂപ നല്കിയിട്ടുള്ളതാണ്. അതിനുശേഷം തുകകളൊന്നും നല്കി കാണുന്നില്ല. ഇതുസംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകചയറിയ്ക്ക് മറുപടി ലഭ്യമാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

പദ്ധതി പ്രകാരം 375000 രൂപയാണ് വകയിരുത്തിയിരുന്നത്. ഇതിൽ ആർഷ.എം.യു എന്ന ഗുണഭോക്താവ് നിർമ്മാണം പൂർത്തീകരിക്കുകയും മൂന്നാം ഗഡു 75000 രൂപ അനുവദിക്കുകയും ചെയ്തു. നിർമ്മാണം പൂർത്തീകരിക്കാത്തവരുടെ യോഗം ചേർന്ന് ആവശ്യമായ നിർദ്ദേശങ്ങൾ നല്കിയിരുന്നു. അതനുസരിച്ച് ശ്രേയപ്രകാശ് എന്ന ഗുണഭോക്താവ് നിർമ്മാണം ഏകദേശം പൂർത്തിയാക്കിയിട്ടുണ്ട്. നിർമ്മാണം തുടങ്ങാത്ത അർച്ചന റോഷൻ എന്ന ഗുണഭോക്താവിനോട് തുകതിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്.

പണി പൂർത്തീകരിക്കാത്ത പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനു വേണ്ട തുടർനടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻകചയറി നം. 7/25.6.2024)

## 1-10 ഭിന്നശേഷി കലാകായികമേള – നടപ്പാക്കിയതിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം. | S083/24 – ഭിന്നശേഷി കലാകായികമേള |
| നിർവഹണ ഉദ്യോഗസ്ഥ | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ |
| അടങ്കൽ | 1,00,000/- |
| ഫണ്ട് | വികസനഫണ്ട് - പൊതുവിഭാഗം |
| ചെലവ് | 58,167/- |
| വൗച്ചർ നം. | 22301008/19.1.24 -- 19400 |
| | 22301009/19.1.24 – 20000 |
| | 22301013/23.1.24 – 2050 |
| | 22301017/25.1.24 – 6605 |
| | 22301073/25.3.24 – 5612 |
| | 22301041/15.2.24-- 4000 |
| | 22301067/21.3.24 --500 |

സർക്കാർ ഉത്തരവ് (കൈ) നം. 115/2022/തസ്വഭവ. തീയതി 28.5.2022 ഖ.7.1.13 (1) പ്രകാരം എല്ലാ ഗ്രാമ/നഗരഭരണ സ്ഥാപനങ്ങളാണ് ഭിന്നശേഷിക്കാരുടെ

കലാകായിക മൽസരങ്ങൾ നടത്തേണ്ടത്.

മേൽ ഉത്തരവ് ഖ .7.1.13 (2) പ്രകാരം ഗ്രാമപഞ്ചായത്തിൽ നടത്തുന്ന മൽസരങ്ങളിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ ലഭിക്കുന്ന കുട്ടികളെയും രക്ഷിതാക്കളെയും പങ്കെടുപ്പിച്ച് ബ്ലോക്ക് തലത്തിൽ മൽസരങ്ങൾ സംഘടിപ്പിക്കാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ യോഗം വിളിച്ചുചേർത്ത് ബ്ലോക്ക് തലത്തിലുള്ള മൽസരയിനങ്ങൾ, മൽസരതീയതി, മൽസരം നടക്കുന്ന സ്ഥലം എന്നിവ സംബന്ധിച്ച് ധാരണയിൽ എത്തണം. എന്നാൽ ഇപ്രകാരം യോഗം നടന്നതായി കാണുന്നില്ല.

സർക്കാർ ഉത്തരവിൽ നിന്ന് വ്യത്യസ്ഥമായി ബ്ലോക്ക് പഞ്ചായത്ത് പദ്ധതി നടപ്പാക്കുവാൻ ഉണ്ടായ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/24.6.23) മറുപടിയായി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ സാന്നിധ്യത്തിൽ യോഗം ചേർന്നതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല. പഞ്ചായത്ത് തലത്തിൽ യഥാസമയം കലാമേള നടത്താത്തതിനാലാണ് ബ്ലോക്ക് പഞ്ചായത്ത് ഗ്രാമപഞ്ചായത്ത് സൂപ്പർവൈസർമാർ മുഖേന ലിസ്റ്റ് ശേഖരിച്ച് കലാമേള നടത്തിയത് എന്ന് നിർവഹണഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.
ഇത്തരത്തിൽ ഭിന്നശേഷിക്കാർക്കായി കലാമേളകൾ നടത്തുമ്പോൾ പഞ്ചായത്ത് തലത്തിൽ നടത്തിയതിനുശേഷം ബ്ലോക്ക് തലത്തിൽ നടത്തുവാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-11 ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടിന്റെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല

| പ്രോജക്ട് നം. | ഫണ്ട് | അടങ്കൽ | ചെലവ് | വൗച്ചർ നം | ലഭ്യമാക്കാത്ത രേഖകൾ |
|---|---|---|---|---|---|
| S020/24 – കണ്ടാണശ്ശേരി ബഡ്സ് സ്കൂളിന് ധനസ ഹായം | വികസനഫണ്ട് -- പൊതുവിഭാഗം | 300000 | 283964 | 22300430/ 11.8.23 – 26667<br>22300651/ 18.9.23 – 20000<br>22300929/6.11.23 – 70810<br>22300685/ 13.12.23 – 20000<br>22300965/ 1.1.24 – 20000<br>22301031/ 1.2.24 – 18402<br>22301074/ 25.3.24 -- 88085<br>22300648/ 3.10.23 – 20000 | ചെലവ് രേഖകൾ, കൈപ്പറ്റ് രസീത്, യു ടി ആർ സ്റ്റേറ്റ്മെന്റ് എന്നിവ |

ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 283964 രൂപ തടസ്സപ്പെടുത്തുന്നു.

## 1.12 സുലേഖയിൽ ചെലവ് പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടില്ല

സെക്രട്ടറി നടപ്പാക്കിയ സാംസ്കാരികം കേരളോൽസവം (S014/24)പ്രോജക്റ്റിന്റെ ചെലവ് വിവരങ്ങൾ പൂർണ്ണമായും സുലേഖ ചെലവ് പത്രികയിൽ ചേർത്തിട്ടില്ല.

അടങ്കൽ -- 250000

ഫണ്ട് -- തനതുഫണ്ട് -- 150000

മറ്റുള്ളവ – 100000

യഥാർത്ഥ ചെലവ് -- 243418

സുലേഖ പ്രകാരമുള്ള ചെലവ് -- 143418

വൗച്ചർ നം-- 22300497/1.11.23 – 75000

22300498/1.11.23 – 45000

22300619/26.12.23 --- 36888

22300620/26.12.23 – 8900

22300621 /21.12.23-- 12880

22300641/30.12.23-- 25000

22300622/22.12.23-- 39750

ചെലവ് മുഴുവനായും സുലേഖയിൽ ഉൾപ്പെടുത്താതിരുന്നതിന് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. (11/26.6.24) മറുപടിയായി യുവജനക്ഷേമബോർഡ് ലഭ്യമാക്കിയ തുക 26.3.24 നാണ് ലഭ്യമായത് എന്നും ചെലവ് സുലേഖയിൽ ചേർക്കുവാൻ വിട്ടുപോയത് ക്ലറിക്കൽ പിഴവ് മൂലമാണ് എന്നും അറിയിച്ചിട്ടുണ്ട്.

പ്രോജക്ടുകളുടെ എല്ലാ ചെലവുകളും സുലേഖ പത്രികയിൽ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 കംപ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

നിർവഹണഉദ്യോഗസ്ഥൻ -- സെക്രട്ടറി

പ്രോജക്ട് നം. -- S184/24 – ബ്ലോക്ക് പഞ്ചായത്തിലേക്ക് ലാപ്ടോപ്പ്, കംപ്യൂട്ടർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ -- 262446

ഫണ്ട് -- വികസനഫണ്ട് (പൊതുവിഭാഗം)

ചെലവ് -- 173383

വൗച്ചർ നം. -- 22301081/ 25.3.24

സപ്ലൈ ചെയ്ത സ്ഥാപനം -- വിശ്വാസ് കമ്പ്യൂട്ടേഴ്സ് ,കുന്നംകുളം

ഇൻവോയ്സ് നം -- VMB/23-24-710/1.2.24-- Printer 2 Nos

VMB/23-24-671/1.2.24-- Acer Computer 3 Nos

മേൽ പ്രൊജക്റ്റ് പ്രകാരം വാങ്ങിയ കമ്പ്യൂട്ടറുകളുടെ വിവരങ്ങൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള സോഫ്റ്റ്‌വെയർ/ഹാർഡ്‌വെയർ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

സർക്കുലർ നം.86/10/ഫിൻ തീയതി 24.09.2010 പ്രകാരം കമ്പ്യൂട്ടർ സോഫ്റ്റ് വെയർ/ഹാർഡ് വെയർ എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി 12/26-06-2024).

## 1-14 S138/24 – വനിതാ ഹെൽത്ത് ക്ലബ് നിർമ്മാണം - നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

നിർവഹണഉദ്യോഗസ്ഥൻ -- സെക്രട്ടറി

അടങ്കൽ -- 1000000

ഫണ്ട് -- വികസനഫണ്ട് - പൊതുവിഭാഗം

ചെലവ് -- 480732

വൗച്ചർ നം -- 22300956/29.12.23

നിർവഹണഏജൻസി -- ആർട്ടോ ,മലപ്പുറം

കരാർ -- 8/2022-23 / 24.2.23

എസ്റ്റിമേറ്റ് -- 998682

